# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3134 15.02.2013 ൽ മറുപടിക്ക്

**മാവേലി സ്റ്റോറുകൾവഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാര പരിശോധന**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) |
| (എ)സംസ്ഥാനത്തെ മാവേലി സ്റ്റോറുകൾവഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണ നിലവാരം പരിശോധിക്കാനുള്ള എന്തു സംവിധാനമാണ് ഏർപ്പെ ടുത്തിയിരിക്കുന്നത്; | (എ) സപ്ലൈകോയുടെ കടകൾ വഴി വിതരണം ചെയ്തു വരുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണ നിലവാരം നിയമപ്രകാരം ആണെ ന്ന് ഉറപ്പുവരുത്തുന്നതിനായി ശക്തമായ ഒരു പരിശോധനാ വിഭാഗം നിലവിൽ ഉണ്ട്. പായ്ക്കറ്റ് ചെയ്തുവരുന്ന ഭക്ഷ്യ വസ്തു ക്കൾക്ക് HACCP, ISO22000, അഗ്മാർക്ക് എന്നീ നിലയിലുള്ള ഗുണനിലവാരം നിർബന്ധമാക്കി യിട്ടുണ്ട്. ഓരോ ഡിപ്പോയി ലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി, ആ ഡിപ്പോയിൽ ലഭിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം നിയമപ്രകാരം ആണെന്ന് ഉറപ്പു വരുത്തുവാൻ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തിയിട്ടുണ്ടോ എന്ന് സംശയം ഉള്ളപ്പോൾ റീജിയണൽ അനലിറ്റിക്കൽ ലാബിലും, എൻ.എ.ബി.എൽ. അംഗീകാരം ഉള്ള ലാബിലും പരിശോധന നടത്താറുണ്ട്. കൂടാതെ, കോന്നി യിലുള്ള സി.എഫ്.ആർ.ഡി. മൈക്രോബയോളജിക്കൽലാബിൽ എല്ലാ ഭക്ഷ്യ വസ്തുക്കളും |

റാൻഡമായി സാമ്പിളെടുത്ത് പരിശോധന നടത്തുന്നുമുണ്ട്. അത്യാവശ്യ ഘടകങ്ങൾ പരിശോധിക്കുന്ന ലബോറട്ടറി സപ്ലൈകോയിൽ നിലവിൽ ഉണ്ട്. കാലാകാലങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരത്തിൽ കേന്ദ്ര / സംസ്ഥാന സർക്കാറുകൾ വരുത്തുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പരിശോധനകൾ കൂടുതൽ ശക്തിപ്പെടുത്തി വരുന്നു. കൂടാതെ സപ്ലൈകോയുടെ വിജിലൻസ് വിഭാഗം കർശനമായ ഗുണനിലവാര പരിശോധനയും നടത്തുന്നുണ്ട്.

(ബി) ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) വ്യാപകമായ പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. ഗുണനിലവാരത്തിൽ തൃപ്തരല്ലാത്ത ചുരുക്കം ചില ഉപഭോക്താക്കൾക്ക് പണം തിരികെ നല്കിയോ ഭക്ഷ്യവസ്തുക്കൾ മാറ്റിനൽകുകയോ ചെയ്ത് പരാതി ഉടൻതന്നെ പരിഹരിച്ചിട്ടുമുണ്ട്. സപ്ലൈകോയുടെ വില്പനശാലകൾ വഴി ഗുണനിലവാരം ഇല്ലാത്ത ഭക്ഷണ സാധനങ്ങളോ, നിത്യോപയോഗ സാധനങ്ങളോ വിതരണം ചെയ്യുന്നില്ല. പൊതുജനങ്ങൾക്ക് ഭക്ഷ്യവസ്തുക്കൾ ഗുണമേന്മയോടെ നൽകുവാൻ ഉള്ള സംവിധാനം സപ്ലൈകോയുടെ എല്ലാ കടകളിലും നിലവിൽ ഉണ്ട്.

(സി) മാവേലി സ്റ്റോറുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

(സി) സംസ്ഥാനത്ത് നിലവിൽ സപ്ലൈകോയുടെ വിൽപ്പനശാലകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു

വരികയാണ്. നിലവിൽ സംസ്ഥാനത്ത് 978 ഗ്രാമപഞ്ചായത്തുകളിൽ 69 ഗ്രാമപഞ്ചായത്ത് ഒഴികെ എല്ലാ ഗ്രാമപഞ്ചായത്തിലും സപ്ലൈകോയുടെ മാവേലി സ്റ്റോറുകളുടെ വിപുലമായ ശൃംഖല പ്രവർത്തിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് 40 മാവേലി സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ പുതിയ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിൽ നിലവിലുള്ള മാനദണ്ഡമനുസരിച്ച് ജീവനക്കാരുടെ ലഭ്യതയും കണക്കിലെടുത്ത് വാണിജ്യപരമായും സാമൂഹികപരമായും ഗുണകരമാണെന്ന് ബോധ്യപ്പെടുകയാണെങ്കിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

Beena

സെക്ഷൻ ഓഫീസർ